XV—JAILS.

MR. PUTHUPALLY S. KRISHNA PILLAI: Sir, I beg to move for a grant not exceeding Rs. 1,39,484 under Demand XV—Jails.

PRESIDENT: The question before the House is that Government be granted a sum of Rs. 1,39,484 under Demand XV—Jails.

The motion was put and carried.

The grant was made

XVI—POLICE.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: Sir, I rise to move for a grant not exceeding Rs. 9,82,357 under Demand XVI—Police.

Motion No. 232.

MR. K. K. MADAVAN: Sir, I move the following motion.

"To reduce the allotment of Rs. 3,200 for Travelling allowances by Rs. 10.

My object is to discuss about the method of collecting funds for the Police Club.

MR. PUTHUPALLY S. KRISHNA PILLAI: Sir, unless the member is in a position to satisfy the Chair that it is motion which can be discussed under travelling allowances to the Inspectors, it cannot come for consideration now.

PRESIDENT: I am not anxious to burke or put aside discussion on this matter. But I think it ought to be discussed under the motion for total grant.

Motion Nos. 232 and 233.

The following motions were not moved.

"To reduce the allotment of Rs. 3200 for travelling allowances by Re 1.

"To reduce the allotment of Rs. 3,200 for travelling allowances by Re. 1.

Motion No. 235.

MR. K. KUNJU PANICKER: Sir, I move the following motion:

"To reduce the allotment of Rs. 3,200 for travelling allowances by Re. 1.

MR. K. KUNJU PANICKER: സർ, പോലിസുഡിപ്പാർട്ടുമെൻറ ഭരണത്തിലും രക്ഷയിലുമാണ് ഒരു രാജ്യത്തിൻെറ മുഴുവൻ രക്ഷയും സ്ഥിതി ചെയ്യുന്നതു്. ഇങ്ങനെയിരിക്കുന്ന ഈ പോലീസ് ഡിപ്പാർട്ടുമെൻറിലെ കീഴ്ദ്യോഗസ്ഥന്മാർ എത്രമാത്രം സത്യവാന്മാരും, കായ്ക്ഷമതയോടുകൂടി പ്രവൃത്തി ചെയ്യുന്നവരുമായിരിക്കുന്നുവോ, അത്രയുമാത്രമാണ ഒരു രാജ്യത്തിൻെറ ക്ഷേമം സ്ഥിതിചെയ്യുന്നതു്. തിരുവിതാംകൂർ പോലീസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പലകാലത്തും പലവിധത്തിലുമുള്ള പരാതികൾ ഉണ്ടായിട്ടുണ്ടു്. ഇക്കാലത്തും മുൻകാലങ്ങളെ അപേക്ഷിച്ചിട്ടും കുറവില്ലാതെതന്നെ പരാതികളുണ്ടെന്നു് എനിക്കു പറയാൻ കഴിയും. ഞാൻ വളരെ ഉദാഹരണങ്ങളൊന്നും എടുത്തുപറയണമെന്നു വിചാര

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. എന്നാൽ ഒരു പ്രത്യേക ഉദാഹരണം ഒരു കേസു സംബന്ധമായ അന്വേഷണത്തെ സംബന്ധിച്ച് എനിക്കു അനുഭവമുള്ളതു് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഇതുപോലെ പലതുമുണ്ടു്.

ഒരു കേസുസംബന്ധമായി അന്വേഷണം നടത്താത്തതിനെപ്പറ്റിയാണു് പറയുന്നതു്. ചങ്ങനാശ്ശേരിതാലൂക്കിൽ മണിമല എന്ന സ്ഥലത്തു് ഹിന്ദുക്കളുടെ ഒരു ജൈനസംഘമുണ്ടു്. അവരുടെ ജൈനസ്ഥലത്തു മറ്റു വിഭാഗത്തിൽപ്പെട്ട ആളുകൾ പോയി, സന്ധ്യാസമയത്തു ജൈനർ നടന്നു കൊണ്ടിരുന്നപ്പോൾ ആരാധനയ്ക്കായി ഉപയോഗിച്ചുകൊണ്ടിരുന്ന പടം തട്ടിത്തകർത്തുകളയുകയും, മറ്റു സാമഗ്രികൾ നശിപ്പിക്കയും, അവിടെ ഉണ്ടായിരുന്ന ആളുകളെ തല്ലുകയും മറ്റും ചെയ്തു. അവർക്കുടുതൽ അപകടം വരാതെ ഓടി രക്ഷപ്പെട്ടു. ഈ ജൈനസംഘക്കാർ ഉടൻതന്നെ കാഞ്ഞിരപ്പള്ളി സ്റ്റേഷനിൽ അറിവുകൊടുത്തു. എന്നു മാത്രമല്ല, ഇൻസ്പെക്ടർ ജനറൽവരെയുള്ളവർക്കു തുടൻ അറിവു കൊടുത്തുകൊണ്ടേയിരുന്നു. എന്നാൽ ഇതേവരെ നടപടികളൊന്നും നടത്തിയിട്ടില്ല. ഹർജി കൊടുത്ത ഹിന്ദുക്കളായ ഈ സാധുക്കൾ വഴിയേ പോകുമ്പോൾ ഹർജി കൊടുത്തവരെന്നും പറഞ്ഞു് വീണ്ടും പലവിധത്തിൽ മേൽപ്പറഞ്ഞവർഗ്ഗക്കാർ ഉപദ്രവിച്ചുവരുന്നു. ഈ പരാതി അടിക്കടി അധികാരസ്ഥാനങ്ങളിൽ അറിയിക്കുന്നതിനു ഞാനും വേണ്ടതു ചെയ്തിട്ടുണ്ടു്.

MR. T. P. VELAYUDHAN PILLAI : ഈ സംഭവം നടന്നതു് എന്നാണെന്നു മെമ്പർ ദയവായി പറയുമോ?

MR. K. KUNJU PANICKER: ഈ ഇടവം നാലാംതീയതി സന്ധ്യയ്ക്കാണു് നടന്നതു്. അതിനെ തുടർന്നു് ഉപദ്രവങ്ങൾ പല അവസരങ്ങളിലും നടന്നിട്ടുണ്ടു്.

MR. DOMINIC JOSEPH: ഈ അടിയെ സംബന്ധിച്ചു മജിസ്ട്രേട്ടുകോടതിയിൽ അന്യായം കൊടുത്തിട്ടുണ്ടോ?

MR. K. KUNJU PAHICKER : പോലീസുകാരും പ്രബലന്മാരായ മറ്റാളുകളും എതിരായിട്ടു നിൽക്കുന്നതുകൊണ്ടു കേസ്സു കൊടുത്തിട്ടില്ല. എതിർഭാഗക്കാർ ധനികന്മാരും ആൾശേഷിയുള്ളവരുമാണു്. അതിനാൽ പോലീസുകാരും അവരുടെ ഭാഗത്താണു്.

MR. DOMINIC JOSEPH : ബഹുമാനപ്പെട്ട മെമ്പറെപ്പോലെ കുറെ ആളുകൾ സഹായമുള്ളപ്പോൾ ക്രിമിനൽകോടതിയിൽ അന്യായം കൊടുക്കാത്തതിനു കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJU PANICKER: അന്യായം കൊടുത്തുകഴിഞ്ഞാൽ കേസ്സ് തീരുന്നതുവരെ കക്ഷികളെ എന്റെ ചെലവിൽ താമസിപ്പിക്കാതെ കേസ്സ് നടത്താൻ സാധിക്കയില്ല. എതിരാളികൾ അവരെ പലവിധത്തിൽ ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണു. ചിലരെ അവർ താമസിപ്പിച്ചിരുന്ന പുരയിടങ്ങളിൽനിന്നു ഇറക്കിവിടുകയും, മണിമലചന്തയിൽ തൊഴിലുണ്ടായിരുന്ന ഒരു പ്രത്യേകവ്യക്തിയെ ജോലിക്കൊട്ടു ചെയ്യാ അയാളുടെ തൊഴിൽ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

MR. K. G. GOVINDAN: പ്രബലന്മാരായ എതിരാളികൾ എന്നു പറഞ്ഞതു് ഏതു മതവിഭാഗത്തിൽ പെട്ടവരാണെന്നു പറയാമോ?

MR. K. KUNJU PANICKER: അതു ഞാൻ പറയണമെന്നു വിചാരിക്കുന്നില്ല. പോലീസിൽനിന്നും അന്വേഷിച്ചാൽ അറിയാം. ഇതിനെ സംബന്ധിച്ചു ഹർജി കൊടുത്തതിനുശേഷം ഒരു ഹെഡ് കാൺസ്റ്റബിളും അവിടെവന്നു് അവിടെക്കണ്ട അവസ്ഥകൾക്കു് ഒരു മഹസ്സർ തയ്യാറാക്കിക്കൊണ്ടുപോയി. എന്നിട്ടു്, ഈ വിവരം ജി. ഡി. യിൽ രേഖപ്പെടുത്തുകയോ, എഫ്. ഐ. ആർ. തയ്യാറാക്കുകയോ കേസ്സെടുക്കുകയോ ചെയ്യാതെ കഴിച്ചു എന്നാണു അറിയുന്നതു്.

RAJYASEVAPRAVINA KHAN BAHADUR G. S. ABDULKARIM SAHIB SUHRAWARDY: May I explain the position? That matter is not dropped. The matter is still under enquiry.

MR. K. KUNJU PANICKER: എന്റെ അറിവിൽപെട്ടിടത്തോളം ഇന്നുവരെയും അതിനെക്കുറിച്ചു് യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നു മാത്രമല്ല, സാധുക്കൾക്കു് അവിടെക്കൂടി സഞ്ചരിക്കുന്ന കാര്യംപോലും വിഷമത്തിലാണിരിക്കുന്നതു്. അവിടെയുള്ള സമാജം സെക്രട്ടറിയെത്തന്നെ, ആ സ്ഥാനം രാജിവച്ചിട്ടു പൊയ്ക്കൊള്ളണമെന്നാണു് ഏർപ്പാടു ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് ഇനിയും, പോലീസുകാരുടെ സഹായംകൊണ്ടല്ലാതെ അവർക്കു രക്ഷപ്രാപിക്കാൻ സാധിക്കയില്ല. ഈ ഒരു സങ്കടാവസ്ഥ ഇന്നും, അനുഭവത്തിലിരിക്കുന്ന ഒന്നാണു്.

RAJYASEVAPRAVINA KHAN BAHADUR G. S. ABDUL KARIM SAHIB SUHRAWARDY: I would draw the line here and ask the honourable member not to bind our hands further. The matter I say is under enquiry and even three days back when he mentioned the matter to me I told him that I have sent an urgent memo to the A. S. P. I have asked the A. S. P. to go into the matter immediately. I would request the member not to push the matter. He will be placing us in a very awkward position.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUHJU PANICKER : I thank the honourable member for the promise, അതു് ഒരു ഉദാഹരണമായി പറഞ്ഞു എന്നേയുള്ളു. അതുകൊണ്ടു് പോലീസു മേലധികാരികൾ, തങ്ങളുടെ കീഴ്സിൽ ബന്ധികളെ സംബന്ധിച്ചുള്ള നിയന്ത്രണം കുറേക്കൂടി ഉദ്ദേശിച്ചു പ്പെട്ടത്തി സാധുക്കളെ സംരക്ഷിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

MR. P. C. ADICHAN : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് എനിക്കു് രണ്ടു സംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, തിരുവിതാംകൂറിൽ സമാധാനം പരിപാലിക്കുന്നതിനു ഉത്തരവാദിത്വമുള്ള ഇന്നത്തെ ഇൻസ്പെക്ടർ ജനറൽ അവർകൾ മേധാവിത്വം വഹിക്കുന്ന പോലീസുഡിപ്പാർട്ടുമെൻറ് വളരെ ഉപകരിക്കുന്നുവെന്നു അബാലവൃദ്ധം ജനങ്ങളും സമ്മതിക്കുന്നതാണു്. സർ, പോലീസിന്റെ സഹായം ഒന്നു മാത്രമാണു് സാധുക്കൾക്കു വളരെ രക്ഷയായിട്ടുള്ളതു്. പോലീസിന്റെ സഹായം ഉണ്ടാകണമെങ്കിൽ ഇൻസ്പെക്ടർമാരും നിഷ്പക്ഷബുദ്ധികളായിരിക്കണം. ഇൻസ്പെക്ടറന്മാർ കൈക്കൂലി വാങ്ങിക്കാത്തവരായിരിക്കണം. സർ, പോലീസ് ഇൻസ്പെക്ടറന്മാരായ പലരേയും കൈക്കൂലിവാങ്ങിക്കാത്തവരായി എനിക്കറിയാം. സത്യസന്ധന്മാരും പൊതുസേവകന്മാരുമായ എ. എസ്. പി. മാരേയും ഡി. എസ്. പി. മാരേയും എനിക്കറിയാം. എന്നാൽ ചുരുക്കം ചില ഇൻസ്പെക്ടറന്മാർ സ്വധൈര്യക്കാരോടു് ചില പ്രലോഭനങ്ങൾക്കു വശംവദരായി കരുണയായി പെരുമാറുന്നില്ലെന്നു എനിക്കു് അനുഭവമുണ്ടു്. സർ, ഉദാഹരണമായി ഒരു സംഗതി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഉദ്ദേശം നൂറു കൊല്ലക്കാലമായി പുനലൂർ റയിൽവേസ്റ്റേഷനു ഉദ്ദേശം നാലു ഫർലാങ്ങു് പടിഞ്ഞാറു മാറി നാലു കുറവകുടുംബങ്ങളും താമസിച്ചിരുന്നു. പറങ്കിഅണ്ടിക്കു് വലിയ വിലയുള്ള ഇക്കാലത്തു ശരാശരി ഒരു ഇടങ്ങഴി നാലു ഇടങ്ങഴി പറങ്കിയണ്ടിവീതം ഉണ്ടാകുന്ന ഒരു തൊണ്ടു് പറങ്കിമാവു് അവിടെയുണ്ടു്. അഞ്ചിടങ്ങഴി അറിടങ്ങഴി നല്ലമുളകുണ്ടാകുന്ന ഇരുപതുമുപ്പതു മുളകുകൊടി അവിടെയുണ്ടു്. അതു ബ്രഹ്മശ്രീ നരസിംഹയ്യരുടെ സ്ഥലമായിരുന്നു. ദേഹത്തോടുകൂടി പുരവച്ചു് താമസിക്കുന്ന പാവപ്പെട്ട ഈ മുന്നു കുടുംബങ്ങളെ കഴിഞ്ഞ കർക്കടകമാസം ഒടുവിൽ ഒരു സ്പെഷ്യൽ പോലീസ് കാൺസ്റ്റബിളും ഏഴെട്ടു ചട്ടമ്പികളുമായി ചേർന്നു അടിച്ചിറക്കുകയും പുര പൊളിച്ചുകൊണ്ടുപോകയും സാധുക്കളായ സ്ത്രീപുരുഷന്മാരെ കഠിനമായിപദ്രവിക്കുകയും ചെയ്തുവെന്നുള്ളതാണു് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

SADASYATILAKA T. K. VELU PILLAI: May I bring to the notice of Government that it is a matter subjudice. I appeared in the case.

MR. P. C. ADICHAN: അതു ബഹുമാനപ്പെട്ട മെമ്പർ പറയുന്ന മജിസ്ട്രേട്ടുകേസിനെപ്പറ്റിയല്ല പറയുന്നതു്. പോലീസിൽ കൊടുത്ത ഹർജിയെപ്പറ്റിയാണു പറയുന്നതു്. അതു വേറൊന്നാണു്. പാവപ്പെട്ട ഈ സാധുകുടുംബങ്ങളെ അടിച്ചിറക്കുവാൻ മേൽപറഞ്ഞ ചട്ടമ്പികളുടെകൂടെ ഒരു പോലീസുകാരനുകൂടെ അയച്ചതു് ഏതോ പ്രലോഭനങ്ങൾകൊണ്ടു അടിമപ്പെട്ടതുകൊണ്ടുതന്നെയാണു്. സർ, അതിന്റെശേഷം അടുത്തദിവസം അടിയന്തിരത്തിൽ ഒരു ഹർജി കൊടുത്തു. അതും അദ്ദേഹം ഗൌനിച്ചില്ല. അതിനുശേഷം ഞാൻ മുഖേന കൊല്ലം ഡി. എസ്. പി. യായിരുന്ന ബ്രഹ്മശ്രീ ഗണേശയ്യർ സ്വാമി അവർകളുടെ അടുക്കൽ വസ്തുത അറിയിക്കുകയും വിവരങ്ങൾ കാണിച്ചു് ഹർജി കൊടുക്കുകയും ചെയ്തു. അതിന്റെ ഫലമായി പോലീസ് ഇൻസ്പെക്ടറന്മാരിൽ പ്രഥമഗണനീയനായി ഏവർക്കും അറിയാവുന്നതും ഇപ്പോൾ കോർപ്പറേഷൻ കമ്മീഷണരായി ഇരിക്കുന്നതുമായ പൊതുജനങ്ങൾക്കു വിശ്വാസമുള്ള ആളും സത്യസന്ധനും പൊതുജനസേവകനുമായ ചെങ്ങന്നൂർ എ. എസ്. പി. ശ്രീമാൻ ചന്ദ്രശേഖരൻനായർ അവർകളുടെ ആഫീസിൽ മൊഴി കൊടുക്കുന്നതിനു് വാദികൾക്കും പ്രതികൾക്കും അദ്ദേഹം നോട്ടീസു കൊടുക്കുകയും വാദികളായ സാധുകുറവർ ചെങ്ങന്നൂർ പോയി മൊഴി കൊടുത്തിട്ടു തിരിച്ചുവരുമ്പോൾ—അവരുടെ ഭവനങ്ങളിലേയ്ക്കു ചെല്ലുമ്പോൾ പുനലൂർ ഇൻസ്പെക്ടർ അവിടെ പോലീസുകാരെ ഗാട്ടിട്ടുകയും അവിടെ പാവങ്ങളെ കയറാൻ സമ്മതിക്കാതിരിക്കുകയും ചെയ്തു. സർ,

SADASYATILAKA T. K. VELU PILLAI: I do not want to profess that I know too much here so far as the case is concerned. But because I happen to be in possession of the facts of the case, I want to say this. I think this kind of discussion will lead to great delay and inconvenience. So far as I am concerned, I find it difficult to restrain myself because I know the facts.

PRESIDENT: Order, order. Where a matter is rightly or wrongly gone to court, many matters antecedent to the filing of the complaint might be relevant or opposite for the further course of the case and I hold that it is safer not to refer to questions which have already gone into court. I think the honourable member will refrain. You may discuss some other matters.

സർ, ഈ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന കേസല്ല ഇതു്. മെമ്പർ ഉദ്ദേശിക്കുന്ന കേസു നടന്നുകൊണ്ടിരിക്കുമ്പോൾ പോലീസുമുഖേനയുണ്ടായ അനുഭവങ്ങളാണു പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN : ഞാൻതന്നെ പുനലൂർ ഇൻസ്പെക്ടരെ കണ്ടു പറഞ്ഞതിൽ അവിടെ കുറവർ കയറുന്നപക്ഷം തൊണ്ണൂറിനു കേസെടുക്കുമെന്നും അതിനാൽ അവിടെ കയറരുതെന്നും പറഞ്ഞതിനാൽ വിവരം എ. എസ്. പി. യെ അറിയിക്കുകയും ചെയ്തു. സത്യസന്ധനായ എ. എസ്. പി. യല്ലാതിരുന്നെങ്കിൽ ന്യായരഹിതമായ തിരുമാനമേ ഉണ്ടാകുകയുള്ളൂയിരുന്നു. ഇക്കാര്യത്തിൽ അതായത് സത്യസന്ധന്മാരായ എ. എസ്. പി. മാരേയും ഡി. എസ്. പി. മാരേയും അധികാരസ്ഥാനങ്ങളിൽ വച്ചുകൊണ്ടിരിക്കുന്നതിൽ പ്രത്യേകം നന്ദി പറയുന്നു. പൊതുവെ പറയുന്ന പക്ഷം തിരുവിതാംകൂറിൽ ഇന്നത്തെ ഇൽസ്പെക്ടർ ജലറലിന്റെ കാലത്തു പോലീസുഡിപ്പാർട്ടുമെന്റിന്റെ ഭരണം വളരെ ശ്രേയസ്കരമാണെന്നും പുരുക്കം ചില ഇൻസ്പെക്ടർമാരുടെ കാര്യത്തിൽ കൈക്കൂലി വാങ്ങിക്കാതെയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

PRESIDENT : I have to make an announcement that two members of the Transport Advisory Committee have their turn expiring by September 1942. They have to be elected and these elections are fixed on 30th July 1942. The House will now adjourn and meet again the next day.

The House adjourned at 5 of the clock 28-7-1942.

Trivandrum,
28th July 1942.

V. S. ARUMUKHAM PILLAI,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly